# പതിമൂന്നാം കേരള നിയമസഭ
# പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ: 4430

22-07-2015- ൽ മറുപടിക്ക്

## വലിയതുറ കടൽപാലം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. സി.മോയിൻ കുട്ടി : | ശ്രീ. കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി) |
| (എ) തലസ്ഥാന ജില്ലയിലെ വലിയതുറ പാലം അപകടാവസ്ഥയിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) ധാരാളം ആളുകൾ ഇപ്പോഴും കടൽ കാണാൻ അതിലൂടെ സഞ്ചരിക്കുന്നുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) ഒരു ദുരന്തം ഒഴിവാക്കാൻ, പാലത്തിലേക്കുള്ള പ്രവേശനം തടഞ്ഞ് വേലിയോ ഗേറ്റോ അടിയന്തരമായി സ്ഥാപിക്കുമോ ; | (സി) പാലം അപകടാവസ്ഥയിലാണെന്ന നോട്ടീസ് പ്രവേശന ഭാഗത്ത് പ്രദർശിപ്പിച്ചിട്ടുണ്ട്. കൂടാതെ ഓഫീസ് സമയങ്ങളിൽ പാലം കാണാനെത്തുന്നവരിൽ കഴിയുന്നത്ര ആൾക്കാരോട് മുന്നറിയിപ്പ് നേരിട്ടും നൽകുന്നുണ്ട്. പാലത്തിലേക്കുള്ള പ്രവേശനം ഒഴിവാക്കുക എന്ന ലക്ഷ്യത്തോടെ ഗേറ്റ് സ്ഥാപിക്കുന്നതിന് ശ്രമിച്ചുവെങ്കിലും നാട്ടുകാരുടെ എതിർപ്പിനെത്തുടർന്ന് ആയതിന് സാധിച്ചിട്ടില്ല. വലിയതുറ മത്സ്യബന്ധന തുറമുഖം സ്ഥാപിക്കാതെ തുറമുഖ വകുപ്പിന്റെ വികസന പ്രവർത്തനങ്ങൾ അനുവദിക്കില്ല എന്ന നിലപാടിലാണ് നാട്ടുകാരിലെ ഒരു വിഭാഗം. |

(ഡി) കാലപ്പഴക്കം ചെന്ന എല്ലാ കടൽപ്പാലങ്ങളുടെയും സുരക്ഷാ സംവിധാനങ്ങൾ പരിശോധിക്കാൻ നിർദ്ദേശം നൽകുമോ ?

(ഡി) വലിയതുറ കടൽപ്പാലത്തിന്റെ സൈഡ് വാളും ആവശ്യമായിട്ടുള്ള മറ്റ് അറ്റകുറ്റ പണികളും ചെയ്യുന്നതിന് 104 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും തുടർന്ന് സാങ്കേതികാനുമതിയും നൽകിയിട്ടുണ്ട്. ഉടനെ ടെണ്ടർ ക്ഷണിക്കുന്നതാണ്. കേരളത്തിലെ വിവിധ കടൽപ്പാലങ്ങളെ വിനോദ സഞ്ചാരത്തിന്റെ വീക്ഷണ കോണിൽ സംരക്ഷിക്കുന്നതിനായി ടൂറിസം വകുപ്പുമായി ആലോചിച്ച് തുടർ നടപടികൾ സ്വീകരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ